മുദ്രകൾ

# ആസ്ട്രേലിയൻ ഗവൺമെന്റ് ഉടൻ നടപടി എടുക്കണം


**ന്യൂദൽഹി:** ആസ്ട്രേലിയയിൽ ഇന്ത്യൻ വംശജരായ വിദ്യാർഥികൾക്കെതിരെ നടക്കുന്ന വംശീയ ആക്രമണങ്ങളിൽ എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് കെ.കെ സുഹൈൽ ഉത്കണ്ഠ രേഖപ്പെടുത്തി. ഇനി അതിക്രമങ്ങൾ ഉണ്ടാവുകയില്ലെന്ന് ആസ്ട്രേലിയൻ ഭരണകൂടം ഉറപ്പ് നൽകിയിട്ടും മെൽബണിൽനിന്ന് ഇന്ത്യൻ വിദ്യാർഥികൾ ആക്രമിക്കപ്പെട്ടതിന്റെ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. അക്രമം തടയാനുള്ള പ്രായോഗിക മാർഗങ്ങളാണ് അധികാരികൾ സ്വീകരിക്കേണ്ടത്. അതിക്രമികളെ കണ്ടെത്തി ശിക്ഷിക്കണം. പരിക്കേറ്റ വിദ്യാർഥികൾക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കണം. ഇന്ത്യൻ വിദ്യാർഥികളുടെ സുരക്ഷയെക്കുറിച്ച് ഇന്ത്യൻ ഗവൺമെന്റും ജാഗരൂകരാകണമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ വിദ്യാർഥികൾ അക്രമിക്കപ്പെടാനും കൊള്ളയടിക്കപ്പെടാനും വംശീയതയല്ലാത്ത മറ്റുവല്ല കാരണവുമുണ്ടെങ്കിൽ അതും അന്വേഷിക്കേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കൗമാര അക്രമോത്സുകതയും സാമ്പത്തിക മാന്ദ്യവും ഇതിനു കാരണമായിട്ടുണ്ടാവാം. സാമ്പത്തിക മാന്ദ്യത്തിന് ശേഷം മെൽബണിൽ പാവപ്പെട്ടവർ താമസിക്കുന്ന സൺഷൈൻ, സെന്റ് അൽബൻസ് പോലുള്ള നഗരപ്രാന്തങ്ങളിൽ കൗമാരക്കാരുടെ കുറ്റകൃത്യങ്ങൾ വല്ലാതെ വർധിച്ചിട്ടുണ്ട്. ഇതൊന്നും കാണാതെ ആസ്ട്രേലിയക്കാരെ മൊത്തം വർണവെറിയന്മാർ എന്ന് അടച്ചാക്ഷേപിക്കുകയാണ് മെൽബണിലെ പ്രതിഷേധ റാലിയിൽ പങ്കെടുത്ത ചില വിദ്യാർഥികളും ഇന്ത്യയിലെ ചില മാധ്യമങ്ങളും. ഇത് നീതിയല്ല. ബീഹാറിൽനിന്നും മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും റെയിൽവെ റിക്രൂട്ട്മെന്റ് പരീക്ഷ എഴുതാൻ മുംബൈയിൽ എത്തിയ വിദ്യാർഥികൾക്കു നേരെ രാജ് താക്കറെയുടെ മഹാരാഷ്ട്ര നവനിർമാൺ സേന അഴിച്ചുവിട്ട അതിക്രമങ്ങൾക്ക് തുല്യമാണ് മെൽബണിൽ നടന്നതും. 2003-ൽ ആസാമിൽ നടന്ന റെയിൽവെ റിക്രൂട്ട്മെന്റ് പരീക്ഷയിലും ബിഹാറിൽ നിന്നുള്ളവർ ആക്രമിക്കപ്പെടുകയുണ്ടായി. ആസ്ട്രേലിയയിലേക്ക് പഠനത്തിന് പോകുന്നതിനു മുമ്പ് അവിടുത്തെ യൂനിവേഴ്സിറ്റികളെക്കുറിച്ച് നന്നായി അറിഞ്ഞിരിക്കണമെന്നും അദ്ദേഹം ഉണർത്തി. ■

## തനിമ തിരക്കഥ മത്സരം

**കോഴിക്കോട്:** തനിമ കലാസാഹിത്യവേദി സംഘടിപ്പിക്കുന്ന തിരക്കഥ മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. ചിത്രീകരിക്കാത്ത മലയാള തിരക്കഥകളാണ് പരിഗണിക്കുക. അറുപത് മിനിറ്റിൽ കവിയാതെ ചിത്രീകരിക്കാൻ പറ്റുന്നവയായിരിക്കണം രചനകൾ. ഏറ്റവും നല്ല തിരക്കഥക്ക് അയ്യായിരം രൂപയും പ്രശസ്തി പത്രവും നൽകുന്നതാണ്. മികച്ച അഞ്ച് രചനകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകും. തെരഞ്ഞെടുക്കുന്ന രചനകളുടെ ചിത്രീകരണാവകാശം തനിമ കലാസാഹിത്യവേദിക്കായിരിക്കും. എൻട്രികൾ സ്വീകരിക്കുന്ന അവസാന തീയതി 2009 ആഗസ്റ്റ് 15. വിശദവിവരങ്ങൾക്കും നിയമാവലിക്കും ബന്ധപ്പെടേണ്ട വിലാസം: സെക്രട്ടറി, തനിമ, ഹിറാ സെന്റർ, പി.ബി നമ്പർ 833, കോഴിക്കോട്-673004.

**ഇമെയിൽ:** thanimajih@gmail.com
**മൊബൈൽ: 9946227590, 9946405330**


## *പ്രബോധനം* എക്സ്പ്ലോറർ

60 വർഷം പിന്നിടുന്ന പ്രബോധനത്തിന്റെ ഉള്ളടക്കങ്ങളിലൂടെ പര്യടനമൊരുക്കുന്നു പ്രബോധനം എക്സ്പ്ലോറർ. ഒന്നാം വാള്യം മുതൽ അറുപത്തഞ്ചാം വാള്യം വരെയുള്ള പ്രബോധനത്തിന്റെ മുഴുവൻ ലക്കങ്ങളുടെയും ഉള്ളടക്കങ്ങളാണ് ഒറ്റ പി.ഡി.എഫ് ഫോർമാറ്റിൽ തയാറാക്കിയിരിക്കുന്നത്. 984 പേജുള്ള ഫയൽ(4.33 എം.ബി) *പ്രബോധനം* വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാം. പി.ഡി.എഫ് തുറന്ന് സൈഡ്ബാറിലെ ബുക്മാർക്സിൽ ക്ലിക് ചെയ്താൽ പ്രബോധനം വാരിക, മാസിക, ടാബ്ലോയ്ഡ്, ഓൺലൈൻ എഡിഷൻ എന്നിവകാണാം. ഇതിൽ ഡബിൾ ക്ലിക് ചെയ്യുന്നതോടെ ഓരോ വർഷത്തെയും വാള്യം/ലക്കം എന്നിവയുടെ ഇൻഡക്സ് ലഭിക്കും. 2007 മുതൽക്കുള്ള ഓൺലൈൻ എഡിഷനുകളിലേക്കുള്ള ലിങ്കുകളും പി.ഡി.എഫിലുണ്ട്. ഓരോ ലക്കത്തിന്റെ ടൈറ്റിലിൽ ക്ലിക് ചെയ്യുന്നതോടെ അതാതു ലക്കത്തിന്റെ ഓൺലൈൻ പേജിലെത്തി ലേഖനങ്ങൾ ഡൗൺ ലോഡ് ചെയ്യാം.

**www.prabodhanam.net**

മുദ്രകൾ

# യൂറോപ്പിന്റെ മാറുന്ന മുഖം

**വലതുപക്ഷവും** തീവ്രവലതുപക്ഷവും അഭൂതപൂർവമായ നേട്ടമുണ്ടാക്കി ഇക്കഴിഞ്ഞ യൂറോപ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ. 736 അംഗ പാർലമെന്റിൽ 267 സീറ്റും യൂറോപ്പിലെ വിവിധ യാഥാസ്ഥിതിക ജനാധിപത്യ കക്ഷികൾക്കാണ്. ഇടതുപക്ഷ പാർട്ടികൾക്ക് ലഭിച്ചത് 159 സീറ്റ്. 2005-ലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് 215 സീറ്റുണ്ടായിരുന്നു. ലിബറൽ ഡമോക്രാറ്റുകൾ 81 സീറ്റോടെ മൂന്നാം സ്ഥാനത്താണ്. 27 യൂറോപ്യൻ രാജ്യങ്ങൾക്കാണ് പാർലമെന്റിൽ പ്രാതിനിധ്യമുള്ളത്. ജർമനി, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ, പോളണ്ട്, ഓസ്ട്രിയ, ബൾഗേറിയ, ഹംഗറി, ചെക് തുടങ്ങിയ പ്രമുഖ രാജ്യങ്ങളിലെല്ലാം വലതുപക്ഷമാണ് നേട്ടമുണ്ടാക്കിയത്. സാമ്പത്തിക മാന്ദ്യം വോട്ടർമാരെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. ഇടത് ചായ്‌വുള്ള യൂറോപ്യൻ സർക്കാറുകൾക്കെതിരിലുള്ള ഭരണവിരുദ്ധ വികാരമായി അത് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു.

തെരഞ്ഞെടുപ്പിൽ അപ്രതീക്ഷിത നേട്ടമുണ്ടാക്കിയത് തീവ്ര വലതുപക്ഷമാണ്. ബ്രിട്ടീഷ് നാഷ്നൽ പാർട്ടി എന്ന തീവ്രവലതുപക്ഷ പാർട്ടി (ബി.എൻ.പി) ഇതാദ്യമായി യൂറോപ്യൻ പാർലമെന്റിൽ അക്കൗണ്ട് തുറന്നു. ബി.എൻ.പി ചെയർമാൻ നിക്ക് ഗ്രിഫിൻ ബ്രിട്ടനിലെ വടക്ക് പടിഞ്ഞാറൻ മേഖലയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടു. ഹോളണ്ടിലെ കടുത്ത ഇസ്‌ലാം വിരുദ്ധനും വലതുപക്ഷ തീവ്രവാദിയുമായ ഗീർട്ട് വൈൽഡേഴ്സിന്റെ ഫ്രീഡം പാർട്ടി നാല് സീറ്റോടെ ആ രാജ്യത്ത് രണ്ടാം സ്ഥാനത്താണ്. ഇസ്‌ലാം വിരുദ്ധത മുഖ്യ തെരഞ്ഞെടുപ്പ് വിഷയമാക്കിയ ഫ്രീഡം പാർട്ടി കഴിഞ്ഞ പ്രാവശ്യത്തേക്കാൾ സീറ്റുകൾ ഇരട്ടിയായി വർധിപ്പിച്ചു. ഹംഗറിയിലെ തീവ്രവലതുപക്ഷമായ ജാബ്ബിക് പാർട്ടിയും മൂന്ന് സീറ്റ് നേടിയിട്ടുണ്ട്. മൊത്തം 40 സീറ്റാണ് തീവ്രവലതുപക്ഷം സ്വന്തമാക്കിയത്.

ഈ തെരഞ്ഞെടുപ്പു ഫലം നൽകുന്നത് വളരെ അപകടകരമായ സന്ദേശമാണെന്ന് രാഷ്ട്രീയ നിരീക്ഷകർ. കുടിയേറ്റത്തിനെതിരെ കടുത്ത നിലപാടുകളെടുത്തവരെയാണ് ജനം പിന്തുണച്ചിരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾ കുടിയേറ്റ നിയമങ്ങൾ കർശനമാക്കുമ്പോൾ അത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുക മധ്യപൗരസ്ത്യ ദേശത്ത് നിന്നുള്ള മുസ്‌ലിംകളെയാണ്. യൂറോപ്യൻ മുസ്‌ലിം വിരുദ്ധതയുടെ പര്യായമാണ് കുടിയേറ്റ വിരുദ്ധത. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ ബി.എൻ.പി നേതാവ് നിക്ക് ഗ്രിഫിൻ അത് പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. അയാൾ പറഞ്ഞു: "ഇത് ക്രിസ്ത്യൻ രാജ്യമാണ്. ഇവിടെ മുസ്‌ലിംകൾ വേണ്ട. ഇസ്‌ലാമും ക്രൈസ്തവതയും, ഇസ്‌ലാമും ജനാധിപത്യവും, ഇസ്‌ലാമും സ്ത്രീകളുടെ അവകാശങ്ങളും ഇതൊന്നും ഒന്നിച്ച് ചേർക്കാൻ പറ്റുകയില്ല." ഇസ്‌ലാമോഫോബിയ ആയിരിക്കാം ഒരുപക്ഷേ സാമ്പത്തിക മാന്ദ്യത്തേക്കാളേറെ തെരഞ്ഞെടുപ്പിനെ സ്വാധീനിച്ചത്. മാറുന്ന യൂറോപ്പിന്റെ മുഖമാണ് നാം ഈ തെരഞ്ഞെടുപ്പിൽ കണ്ടത്. ■

## 'ഹദസ്' രാഷ്ട്രീയ സെൽ ഭാരവാഹികൾ രാജിവെച്ചു


ഡോ. ജംആൻ അൽഹരീശ്

**ഇക്കഴിഞ്ഞ** കുവൈത്ത് പാർലമെന്റ് തെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി നേരിട്ട ഇസ്‌ലാമിക പ്രസ്ഥാനമായ 'ഹദസി'ന്റെ രാഷ്ട്രീയ സെൽ ഭാരവാഹികൾ രാജിവെച്ചു. പരാജയ കാരണങ്ങൾ കണ്ടെത്തി സംഘടനാ തലത്തിൽ അഴിച്ചുപണികൾക്ക് സൗകര്യമൊരുക്കുന്നതിനാണ് ഈ രാജിവെച്ചൊഴിയൽ. 2003-ലെ തെരഞ്ഞെടുപ്പിലും ഇതേ കാരണത്താൽ രാഷ്ട്രീയ സെൽ ഭാരവാഹികൾ കൂട്ടരാജി സമർപ്പിച്ചിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഹദസ് 8 സ്ഥാനാർഥികളെ നിർത്തിയിരുന്നെങ്കിലും അവരിൽ ഡോ. ജംആൻ അൽഹരീശ് മാത്രമാണ് വിജയിച്ചത്. ഫലാഹ് അസ്സ്വവാഗ് എന്ന ഹദസ് നേതാവും പാർലമെന്റിൽ ഉണ്ടാവുമെങ്കിലും അദ്ദേഹം ഗോത്രപ്രതിനിധിയായാണ് പരിഗണിക്കപ്പെടുക. ■